# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി12/915/2
23/1/20221

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 23/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**റീജണൽ ഡയറക്ടർ, കൊല്ലം**

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി12/915/2 23/1/20221 തീയ്യതി: 23/01/2022

## പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 30-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഹബീബ് മുഹമ്മദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 22-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 22-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി അനിൽകുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീമതി പി.സി.സൂര്യപ്രഭ, അസ്സി.ഓഡിറ്റ് ഓഫീസർ

ശ്രീ സുനിൽകുമാർ യു.എസ്.,ഓഡിറ്റർ
ശ്രീ ഹരികുമാർ എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാപ്രഭ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീലക്ഷ്മി ജി. | സെക്രട്ടറി | 01-04-2020 | 03-06-2020 |
| ശ്രീ വി ശശികുമാർ | സെക്രട്ടറി | 04-06-2020 | 21-06-2020 |
| ശ്രീ അന്നമാത്യൂ ജോർജ്ജ് | സെക്രട്ടറി | 22-06-2020 | 04-08-2020 |
| ശ്രീ രാജശേഖരൻനായർ | സെക്രട്ടറി | 05-08-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ അരുൺജൂഡ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി റാണി എസ് | ശിശുവികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ പ്രവീൺപ്രകാശ് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ സുരേഷ് കെ.വി | കൃഷി അസ്സി.ഡയറക്ടർ | 01-04-2020 | 21-05-2020 |
| ശ്രീമതി സിന്ധു പി. ആർ. | കൃഷി അസ്സി.ഡയറക്ടർ | 21-05-2020 | 18-06-2020 |
| ശ്രീ റോഷൻ ജോർജ്ജ് | കൃഷി അസ്സി.ഡയറക്ടർ | 18-06-2020 | 31-03-2021 |
| ശ്രീമതി സുജ എസ്.ജെ | സി.ഡി.പി.ഒ അഡീഷണൽ | 01-04-2020 | 30-09-2020 |
| ശ്രീമതി ഷൈലജ എസ് | സി.ഡി.പി.ഒ അഡീഷണൽ | 01-10-2020 | 31-03-2021 |
| ശ്രീമതി ശ്രീജ കുഞ്ഞമ്മ | അസ്സി.എഞ്ചിനീയർ | 01-04-2020 | 24-06-2020 |
| ശ്രീമതി ഷീബ | അസ്സി.എഞ്ചിനീയർ | 29-06-2020 | 31-03-2021 |
| ശ്രീ റോയ് അലക്സാണ്ടർ | ക്ഷീരവികസന ഓഫീസർ | 01-04-2020 | 15-03-2021 |
| ശ്രീ പ്രദീപ് കുമാർ | ക്ഷീരവികസന ഓഫീസർ | 15-03-2021 | 31-03-2021 |
| ശ്രീമതി റാണി പി.ജി. | പട്ടികജാതി വികസന | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ വിജയൻപിള്ള | അസ്സി.എക്സി.എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ വിനോദ് എസ് | അസ്സി.എക്സി.എഞ്ചിനീയർ | 01-06-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-5 |
| 6 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-7 |
| 8 | റോഡ് നിർമ്മാണ പ്രോജക്ടുകൾ - ഏറ്റെടുക്കുന്ന റോഡുകളുടെ വീതി സംബന്ധിച്ച് വ്യക്തതയില്ല<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-8 |
| 9 | ചെക്ക് മെഷർമെന്റ് നടത്താതെ മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകി<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-9 |
| 10 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അനിവാര്യമായ ജനപങ്കാളിത്തം പഞ്ചായത്ത് ഉറപ്പുവരുത്തുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-10 |
| 11 | സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം - എയ്ഡഡ് സ്കൂളിന് ഫണ്ട് ചെലവഴിച്ചു - ക്രമവിരുദ്ധം<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-11 |
| 12 | പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല – പിഴ ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-12 |
| 13 | ആസ്തികളുടെ നിർമ്മാണം പഞ്ചായത്തിന്റെ അനുമതിയില്ലാതെ ബ്ലോക്ക് നടപ്പാക്കുന്നു.<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-13 |

| | | |
|---|---|---|
| 14 | സി.എച്ച്.സി ക്ക് മരുന്നും ഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു<br>Written By: Sunilkumar.U.S (Auditor, On 23-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-14 |
| 15 | റീടെൻഷൻ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല<br>Written By: T Anilkumar (Audit Officer (HG), On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-15 |
| 16 | ബാക്ക് എൻഡ് സബ്സിഡിയായി അനുവദിക്കേണ്ട തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി<br>Written By: Sunilkumar.U.S (Auditor, On 23-12-2021)<br>Last Updated By: Johncy John (Computer Assistant, On 17-01-2022) | 1-16 |
| 17 | ക്ഷീരകർഷർക്ക് പാലിന് സബ്സിഡി -വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.<br>Written By: Sunilkumar.U.S (Auditor, On 23-12-2021)<br>Last Updated By: Johncy John (Computer Assistant, On 11-01-2022) | 1-17 |
| 18 | ജനകീയ പച്ചക്കറി കൃഷി -തരിശ് നിലം കൃഷിയോഗ്യമാക്കുന്ന വനിത സ്വയം സഹായ സംഘങ്ങൾക്ക് ആനുകൂല്യം-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Sunilkumar.U.S (Auditor, On 23-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-18 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല; നിർവ്വഹണ ഏജൻസികളിൽ ശേഷിക്കുന്നത് 1.3 കോടി രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-19 |
| 20 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണശേഷം നിർവ്വഹണ ഏജൻസികളിൽ മിച്ചമുള്ളത് 24.43 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-20 |
| 21 | ജി.എസ്.ടി.ഈടാക്കാതെ ടെണ്ടർ ഫോറം വിൽപ്പന നടത്തി<br>Written By: Suryaprabha P.C (Asst. Audit Officer, On 26-12-2021)<br>Last Updated By: Joe M James (Computer Assistant, On 23-01-2022) | 1-21 |
| 22 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് തുക തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു<br>Written By: Suryaprabha P.C (Asst. Audit Officer, On 27-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-22 |
| 23 | സാമൂഹികആരോഗ്യകേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കുള്ള തുക മുൻകൂർ നൽകുന്നില്ല<br>Written By: Sunilkumar.U.S (Auditor, On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-23 |
| 24 | കാർഷികമേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നില്ല<br>Written By: Sunilkumar.U.S (Auditor, On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-24 |
| 25 | ബ്ലോക്ക് പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 27-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-25 |
| 26 | അനിവാര്യ വകയിരുത്തലുകൾക്ക് പദ്ധതി ആവിഷ്കരിച്ചില്ല<br>Written By: Harikumar.S (Auditor, On 27-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-26 |

| | | |
|---|---|---|
| 27 | മാതൃകാ അംഗൻവാടികൾക്ക് ഫർണീച്ചർ- ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Harikumar.S (Auditor, On 05-01-2022)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | നികുതി ബാദ്ധ്യതയില്ലാത്ത കൺവീനർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ നല്കിയത് അംഗീകരിക്കുന്നില്ല<br>Written By: Johncy John (Computer Assistant, On 12-01-2022)<br>Last Updated By: Johncy John (Computer Assistant, On 12-01-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunilkumar.U.S (Auditor, On 26-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunilkumar.U.S (Auditor, On 22-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 12.07.2021 | ബാധകമല്ല | ബാധകമല്ല |

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.

2. ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:- പ്രത്യേക ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

3. ഷെഡ്യൂൾ ബി18: Loans,Advance&Deposit: ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി സ്ഥാപനങ്ങൾക്ക് നൽകുന്ന മുൻകൂറുകൾ പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ ലഭിക്കുന്ന മുറയ്ക്ക് ആസ്തിയാക്കി മാറ്റി അഡ്വാൻസിൽ നിന്നും ഒഴിവാക്കുന്നില്ല.
4. ഷെഡ്യൂൾ B14 :- 31.03.2021-ലെ ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8626153 |
| വരവ് | 103795445 |
| ആകെ | 1,12,421,598 |
| ചെലവ് | 107113340 |
| നീക്കിയിരിപ്പ് | 5308258 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ട്രഷറി ക്യൂബിൽ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 41511485 | 41511485 | 399779452 | 2560033 | - |
| വികസന ഫണ്ട്-എസ്.സി.പി | 36413423 | 36413423 | 33504367 | 2909056 | - |
| വികസന ഫണ്ട്-ടി.എസ്.പി | 438000 | 438000 | 438000 | 0 | - |
| മെയിന്റനൻസ് ഫണ്ട്-നോൺ-റോഡ് | 7192000 | 7192000 | 5744918 | 1374341 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 7800000 | 7800000 | 1158103 | 6641897 | - |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-UnTied | 7800000 | 7800000 | 5026894 | 2773106 | - |

| *ഫണ്ടിനം* | *ഒ. ബി* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| *കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)* | | | | | |
| ഐ.സി.ഡി.എസ് | 294648 | 0 | 294648 | 0 | 294648 |
| ശുചിത്വമിഷൻ | 377608 | 153374 | 530982 | 0 | 530982 |
| നബാർഡ് | 689 | 0 | 689 | | 689 |
| *സംസ്ഥാനാവിഷ്കൃതഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക )* | | | | | |
| സാക്ഷരത | 108773 | 2988 | 111761 | 0 | 111761 |

- വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 72741 രൂപ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)-ന്റെ വരവായി ഉൾപ്പെടുത്തിയിട്ടില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 127810157 | 115 | 91931198 | - | 25 | 71.9 |

## 1-6 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി)

ഓഡിററ് നടത്തിയ പരിശോധനയിൽ, ബ്ലോക്ക് പഞ്ചായത്തിലെ രജിസ്റ്ററുകളുടെയും, രേഖകളുടെയും പരിപാലനത്തിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

ബിൽ രജിസ്റ്റർ: അക്കൗണ്ടിംഗ് റൂൾ 31 പ്രകാരം അക്കൗണ്ടന്റ് ഒരോ പേയ്മെന്റിന്റെയും ബിൽ നം., തീയതി തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ ക്രമത്തിൽ എഴുതി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പേയ്മെന്റുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് അക്കൗണ്ടന്റ് ഒരു ബിൽ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല.

ട്രഷറി ബിൽ ബുക്ക്: ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്കിൽ ബിൽ റഫറൻസ് നമ്പർ മാത്രമാണ് രേഖപ്പെടുത്തുന്നത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ ട്രഷറിയിൽനിന്നും പിൻവലിച്ചതായി കാണിച്ചിട്ടുള്ള തുകകൾ ഏത് പ്രോജക്ടിന്റെ ഭാഗമാണെന്ന് കൃത്യമായി മനസ്സിലാക്കുന്നതിന് കഴിഞ്ഞില്ല.

വൗച്ചറുകൾ: ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തിയതിനുശേഷമേ ചെക്ക്/ബിൽ എഴുതുവാൻ പാടുള്ളൂ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ പ്രസിഡന്റ് കാണുകയോ, കൈയ്യൊപ്പിട്ട് ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.

ആസ്തി രജിസ്റ്റർ : ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ 2018-19 വർഷം വരെയുള്ള വിവരങ്ങൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ : മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് രേഖാമൂലം സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതിന്റെ രേഖ, പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല. പ്രവൃത്തികളുടെ എം.ബുക്കുകളിൽ കരാറുകാർ അളവുകൾ സമ്മതിച്ച് കൈയ്യൊപ്പ്

രേഖപ്പെടുത്തുന്നില്ല.

ടെണ്ടർ രജിസ്റ്റർ: ടെണ്ടർ രജിസ്റ്റർ നിശ്ചിത ഫോർമാറ്റിൽ എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ, രേഖപ്പെടുത്തലുകൾ അസി.എഞ്ചിനീയർ/അസി.എക്സി.എഞ്ചിനീയർ ഇനിഷ്യൽ ചെയ്ത് ആധികാരിക മാക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ ഓപ്പൺ ചെയ്യുമ്പോൾ സന്നിഹിതരായ കരാറുകാരിൽനിന്നും കൈയ്യൊപ്പ് വാങ്ങുന്നില്ല.

എഗ്രിമെന്റ് രജിസ്റ്റർ : എഗ്രിമെന്റ് രജിസ്റ്റർ നിശ്ചത ഫോർമാറ്റിൽ എഴുതി സൂക്ഷിക്കുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അസി.എഞ്ചിനീയർ/ അസി.എക്സി.എഞ്ചിനീയർ കൈയ്യൊപ്പ് ഇട്ട് ആധികാരികമാക്കിയിട്ടില്ല.

രസീത് ബുക്ക്: ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽനിന്നും രസീത് ബുക്ക് ഇഷ്യൂ ചെയ്യുന്നില്ല. കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയ പ്രോജക്ടിന് TR5 രസീത് ഉപയോഗിച്ചാണ് ഗുണഭോക്തൃവിഹിതം പിരിച്ച് ഒടുക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ പണം സ്വീകരിക്കുന്നതിനായി 2010-ൽ ഇഷ്യൂ ചെയ്ത രണ്ട് രസീതു ബുക്കുകളാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഇതിന്റെ സ്റ്റോക്ക് വിവരം സൂക്ഷിച്ചിട്ടില്ല.

മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ : കൈമാറിക്കിട്ടിയ ആഫീസുകളിലേതുൾപ്പടെ ഗ്രാമപഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, മേൽവിലാസം, ടെലിഫോൺ നമ്പർ, പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി ഉൾപ്പടെയുള്ള വിവരങ്ങൾ അടങ്ങിയ ഒരു ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ സൂക്ഷിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ ഇത്തരം ഒരു രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.09.2019-18.09.2019 | 04/18-08/19 | 06.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.2020-25.11.2020 | 04/19-03/20 | 19.01.2021 |

## 1-8 റോഡ് നിർമ്മാണ പ്രോജക്ടുകൾ - ഏറ്റെടുക്കുന്ന റോഡുകളുടെ വീതി സംബന്ധിച്ച് വ്യക്തതയില്ല

പഞ്ചായത്ത് രാജ് നിയമ പ്രകാരം രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും, 8 മീറ്റർ വീതിയുള്ളതുമായ റോഡുകളുടെ നിർമ്മാണമാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതല. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധിച്ച് പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ ബാധകമാക്കികൊണ്ട് 26.12.12-ൽ സർക്കാർ ഉത്തരവ് (26.12.12-ലെ ജി.ഒ.(എം.എസ്.)നം.344/12/തസ്വഭവ) പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിക്കുന്ന റോഡുകളുടെ കുറഞ്ഞ വീതി 6 മീറ്ററായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ റോഡുകൾക്ക് കുറഞ്ഞത് 6 മീറ്റർ വീതി ഉണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല. പ്രോജക്ട് ഫാറത്തിൽ റോഡ് ആസ്തിയുടെ യുണീക് നമ്പർ ചേർക്കുകയോ, റോഡിന്റെ നീളം വീതി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളും ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തി പുനരുദ്ധാരണം നടത്തിയിട്ടുള്ളതായി കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു,

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | റോഡിന്റെ നീളം, വീതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 37/21 | യു.പി.എസ്. ജം. മാർക്കറ്റ് റോഡ് റീടാറിംഗ്, ഐറിഷ് ഡ്രയിൻ- കൊല്ലായിക്കൽ - പള്ളിക്കൽ | 600000 | 553146 | 750 മീ. നീളം 5 മീ. വീതി |
| 2 | 40/21 | കൊച്ചുവീട്ടിൽപടി കുരമ്പേലിൽപടി (തേങ്ങാംമ്പുഴ കടവ്) റോഡ് കോൺക്രീറ്റിംഗ് - കടമ്പനാട് | 600000 | 442860 | 470 മീ. നീളം 5 മീ. വീതി |
| 3 | 54/21 | ചാങ്ങേത്തുപടി പുന്തിലത്ത്പടി റോഡ് കോൺക്രീറ്റിംഗ് | 600000 | 424512 | 200 മീ. നീളം 4 മീ. വീതി |

റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം (ഖ.7.13) ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. കൂടുതൽ പ്രദേശങ്ങൾക്കും, കൂടുതൽ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ മൊത്തം കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനായിരിക്കണം ഗതാഗത മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ആസൂത്രണ ചെയ്യാൻ. ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് ഒരു പഞ്ചായത്ത് പ്രദേശത്ത് മാത്രം ഒതുങ്ങിനിൽക്കുന്നതും, അപ്രധാനവുമായ വില്ലേജ് റോഡുകളുടെ നിർമ്മാണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നത് അഭികാമ്യമല്ല. കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ റോഡ് നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-9 ചെക്ക് മെഷർമെന്റ് നടത്താതെ മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകി

പ്രോ.നം. - 126/20, 128/2020-21

കരാറുകാരൻ - ശ്രീ അജീഷ് എസ്.

അടങ്കൽ - 1000000/-

ചെലവ് - 921356/- (432047+489309) (ബിൽ റഫറൻസ് നം- 19050363015101179798/30.01.2020
(ബിൽ റഫറൻസ് നം- 20050363015100691005/05.11.2020)

എം. ബുക്ക് നം. - 20/19-20

2019-20 സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വട്ടവിള പന്നിവേലിക്കൽപടി റോഡ് സംരക്ഷണം എന്ന പ്രവൃത്തിയുടെ അളവുകൾ ചെക്ക് മെഷർമെന്റ് നടത്താതെയാണ് ബിൽ തയ്യാറാക്കി കരാറുകാരന് പണം നൽകിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(3) പ്രകാരം ഒരു ഓവർസീയർ രേഖപ്പെടുത്തുന്ന അളവുകൾ ഒരു അസി.എഞ്ചിനീയറും, അസി.എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകൾ ഒരു അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും ചെക്ക് മെഷർമെന്റ് നടത്തേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയുടെ ഇനം 1 പ്രകാരമുള്ള മൺപണി മാത്രമാണ് അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തിയിട്ടുള്ളത്. അസി.എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകൾ അസി.എക്സി.എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തി കൃത്യത ബോദ്ധ്യപ്പെടാതെ കരാറുകാരന് ബിൽ തുക നൽകിയത് ക്രമപ്രകാരമല്ല.

തൻവർഷംതന്നെ ഫണ്ട് ചെലവഴിക്കുന്ന തിരക്കിൽ ഫൈനൽ ബിൽ ചെക്ക് ചെയ്ത് ബിൽ തുക അനുവദിച്ചിട്ടുള്ളതാണെന്നും, ജോലി തിരക്കിനിടയിൽ എം.ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയ ചില പേജുകൾ ചെക്ക് മെഷർമെന്റ് രേഖപ്പെടുത്തുന്നതിന് വിട്ടുപോയിട്ടുള്ളതാണെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

എന്ത് കാരണത്താലായാലും മരാമത്ത് പണി നടത്തിപ്പ് ചട്ടം മറികടന്ന്, എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകളും, നിരക്കുകളും, ചെക്ക് മെഷർമെന്റിന് വിധേയമാക്കാതെ ബിൽ തയ്യാറാക്കി കരാറുകാരന് പ്രതിഫലം നൽകിയത് ഗൗരവതരമായ അപാകതയാണ്. ഈ വിഷയത്തിൽ ഉചിതമായ വകുപ്പുതല നടപടി (എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തലത്തിൽ) സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-10 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അനിവാര്യമായ ജനപങ്കാളിത്തം

പഞ്ചായത്ത് ഉറപ്പുവരുത്തുന്നില്ല

2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്ത അഞ്ചുമല കോളനി റോഡ് സംരക്ഷണ പ്രവൃത്തിയുടെ കരാറുകാരൻ പാർട്ട് ബിൽ കൈപ്പറ്റിയതിനുശേഷം പണി പൂർത്തിയാക്കിയിട്ടില്ല.

പട്ടികജാതി വികസന ഫണ്ടിൽനിന്നും 600000 രൂപ വകയിരുത്തിയാണ് പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 20.51% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ജെയിംസ് മാത്യു എന്ന കരാറുകാരൻ 14.08.20-ൽ എഗ്രിമെന്റ് വെച്ച് പ്രവൃത്തി ഏറ്റെടുത്തു (എഗ്രി.നം.49/AE/LSGD/PKD/20-21). പ്രവൃത്തി പൂർത്തീകരണ കാലയളവ് 6 മാസമായിരുന്നു. 14.02.2021-ന് മുമ്പായി പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ 27.03.2021-ൽ പാർട്ട് ബിൽ തുകയായി 212929 രൂപ കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പണി നടത്തിയിട്ടില്ല. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരൻ കരാർ ദീർഘീകരണത്തിന് അപേക്ഷ നൽകുകയോ, എഗ്രിമെന്റ് വെച്ച് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിൽ, എസ്റ്റിമേറ്റ് പ്രകാരമുള്ള പാറ മുഴുവൻ നീക്കം ചെയ്ത് പാർട്ട് ബില്ലായി 50% പേയ്മെന്റ് നൽകിയിട്ടുണ്ടെന്നും, അതിനുശേഷം പാർശ്വഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും, ശേഷിക്കുന്ന പ്രവൃത്തിയായ റോഡ് കോൺക്രീറ്റിംഗ് ഇനിയും പാറ നീക്കം ചെയ്തു കയറ്റം കുറച്ചതിനുശേഷം ചെയ്താൽ മതിയെന്നു നാട്ടുകാർ ആവശ്യപ്പെടുകയും, പ്രവൃത്തിക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്തുവെന്നും, അസി.എഞ്ചിനീയർ വിശദീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് തടസ്സം ഉള്ളതിനാൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളതായും അസി.എഞ്ചിനീയർ അറിയിച്ചു. എന്നാൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച യാതൊരു വിവരങ്ങളും വർക്ക് ഫയലിൽ ഇല്ലെന്നത് ശ്രദ്ധേയമാണ്. പ്രവൃത്തി നിർവ്വഹണം തടസ്സപ്പെട്ടത് സംബന്ധിച്ച് അസി.എഞ്ചിനീയർ പഞ്ചായത്ത് കമ്മിറ്റിയെ അറിയച്ചതായോ, കമ്മിറ്റി ഇതിന്മേൽ ഉചിതമായ തീരുമാനം കൈകൊണ്ടതായോ കണ്ടില്ല. ഈ പ്രവൃത്തി 2021-22 വർഷം സ്പിൽഓവറായി ഉൾപ്പെടുത്തുകയും, 270183 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത ഒരു വികസന പ്രവർത്തനം തടസ്സപ്പെടുകയും, പട്ടികജാതി ഫണ്ടിൽനിന്നും വകയിരുത്തിയ ഗണ്യമായ തുക ചെലവഴിക്കാനാവാതെ ലാപ്സാകുന്ന സ്ഥിതി സംജാതമാവുകയും ചെയ്തിട്ടും, ഈ വിഷയത്തിൽ സമയബന്ധിതമായ തുടർനടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ അധികാരികൾ വലിയ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്.

തദ്ദേശഭരണ തലത്തിൽ നടത്തുന്ന എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളും ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് ജനകീയാസൂത്രണ പദ്ധതി വിഭാവനം ചെയ്യുന്നത്. വികസന പദ്ധതികൾ നിർദ്ദേശിക്കുന്നതിലും അവ നിർവ്വഹിക്കുന്നതിലും ജനപങ്കാളിത്തം ഒഴിച്ചുകൂടാനാവാത്തതാണ്. ഈ പ്രവൃത്തിയുടെ കാര്യത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കൾതന്നെ പദ്ധതി നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നു എന്നത് ഗുണഭോക്താക്കളെ വിശ്വാസത്തിലെടുക്കാതെയും, അവരുടെ പങ്കാളിത്തമില്ലാതെയുമാണ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളതെന്നതിന് തെളിവാണ്. ഇത് ജനകീയാസൂത്രണ പദ്ധതിയുടെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല.

ഇ-ടെണ്ടർ/ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിൽപോലും ജനപങ്കാളിത്തം കൊണ്ടുവരുന്നതിന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഒരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നും മാർഗ്ഗരേഖയിൽ [ഖ.11.2 (6)] സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്ന ഒരു മരാമത്ത് പ്രവൃത്തിയുടെ കാര്യത്തിലും ഈ വ്യവസ്ഥ പാലിക്കുന്നില്ലെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. പദ്ധതിയുടെ ഗുണഫലം ലഭിക്കേണ്ടവർതന്നെ പദ്ധതി നിർവ്വഹണം തടസ്സപ്പെടുത്തുകയും, അതുമൂലം ലഭ്യമായ സർക്കാർ ഗ്രാന്റ് ലാപ്സാകുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-11 സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം - എയ്ഡഡ് സ്കൂളിന് ഫണ്ട് ചെലവഴിച്ചു - ക്രമവിരുദ്ധം

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂതങ്കര ജി.പി.എം.യു.പി. സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് ബഹുവർഷ പ്രോജക്ടായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട്

നം.127/20). 2019-20 വർഷം 7 ലക്ഷം രൂപയും, 2020-21 വർഷം 6 ലക്ഷം രൂപയും ഉൾപ്പടെ ആകെ 13 ലക്ഷം രൂപയായിരുന്ന പദ്ധതിയ്ക്ക് വകയിരുത്തിയിരുന്നത്. പ്രവൃത്തി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (984455.54) ക്വോട്ട് ചെയ്ത ശ്രീ അനിൽകുമാർ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 959757 രൂപയുടെ പ്രവൃത്തി നടത്തി. 12% GST കോമ്പൻസേഷൻ ഉൾപ്പടെ ആകെ പ്രവൃത്തി മൂല്യം 1074928 രൂപയാണ്. നിയമപരമായ കിഴിവുകൾ നടത്തിയതിനുശേഷം കരാറുകാരന് 1036536 രൂപ പ്രതിഫലം നൽകി.

പൂതങ്കര ജി.പി.എം.യു.പി. സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം എന്ന പ്രോജക്ടിന് എയിഡഡ് സ്കൂൾ ആണെന്ന കാരണത്താൽ വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയും അനുമതി നിരസിച്ചിരുന്നു. തുടർന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി സമ്പാദിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ സർക്കാർ പ്രൈമറി സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം പണിതു എന്ന് ബന്ധപ്പെട്ട AEO/DEO സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെയാണ് 27.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.13-ാം നമ്പർ തീരുമാന പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് (സ.ഉ.(സാധാ)നം.590/19/തസ്വഭവ., തീ.09.03.2019). സർക്കാർ മേഖലയിൽ ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിയതിനുശേഷം മാത്രം എയ്ഡഡ് മേഖലയെ പരിഗണിച്ചാൽ മതിയെന്ന വ്യക്തമായ നയമാണ് സർക്കാർ മേൽ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽനിന്നും ഓഡിറ്റിന് ലഭ്യമാക്കിയ വിവരം അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള നിരവധി ഗവ.എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ഇല്ല. ഉദാഹരണമായി ഏഴംകുളം ഗ്രാമപഞ്ചായത്തിലെ 5 സ്കൂളുകളിലും, കൊടുമൺ ഗ്രാമപഞ്ചായത്തിലെ 1 സ്കൂളിലും സ്മാർട്ട് ക്ലാസ് റൂമുകൾ ഇല്ലെന്ന് പഞ്ചായത്ത് അധികൃതർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | സ്മാർട്ട് ക്ലാസ് റൂം ഇല്ലാത്ത സ്കൂളുകളുടെ പേര് |
|---|---|
| ഏഴംകുളം | ഗവ.എൽ.പി.എസ്., നെടുമൺ |
| | ഗവ.എസ്.വി.എൽ.പി.എസ്., ഏനാത്ത് |
| | ഗവ.എൽ.പി.എസ്., ഇളംഗമംഗലം |
| | ഗവ.യു.പി. സ്കൂൾ, ഏനാത്ത് |
| | ഡബ്ല്യു.എൽ.പി.എസ്., ഇളംഗമംഗലം |
| കൊടുമൺ | ഗവ.എൽ.പി.എസ്., നെടുമൺകാവ് |

എന്നാൽ അടൂർ, കോന്നി AEO-മാരിൽനിന്നും എല്ലാ സർക്കാർ പ്രൈമറി സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം സൌകര്യം ഉണ്ടെന്ന വസ്തുതാ വിരുദ്ധമായ സാക്ഷ്യപ്പെടുത്തൽ സംഘടിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബന്ധപ്പെട്ട AEO-മാർ എന്ത് അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു സാക്ഷ്യപത്രം നൽകിയതെന്ന് വ്യക്തമല്ല. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഒട്ടനവധി സർക്കാർ പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ഇല്ലെന്ന കാര്യം സ്പഷ്ടമായിരിക്കെ ഒരു എയ്ഡഡ് സ്കൂളിന് പ്രത്യേക പരിഗണന നൽകി സ്മാർട്ട് ക്ലാസ്സ് റൂം സൌകര്യം ഒരുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും 13 ലക്ഷം രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചത് ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്നകാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല – പിഴ ഈടാക്കിയില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാർ അപേക്ഷ നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. PWD മാന്വൽ പാര.2112 പ്രകാരം ആദ്യ തവണ കലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് 1000 രൂപ പരമാവധി 50000 രൂപ) രണ്ടാം തവണ 2% നിരക്കിലും (കുറഞ്ഞത് 2000 രൂപ, പരമാവധി 100000 രൂപ), പിഴ ഈടാക്കണം. പരമാവധി 50% വരെയുള്ള കാലദൈർഘ്യത്തിന് PAC-യുടെ 1+2=3% ഉം പിഴ ഈടാക്കേണ്ടതായിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | കരാറുകാരന്റെ പേര് | പി.എ.സി. | പൂർത്തീകരണ കാലയളവ് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | (PAC-യുടെ 3%) |
| 46/19 – കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ്<br>അടങ്കൽ - 2000000<br>കരാർ നം. 17/AEE /LSGD/PKD /18-19, 11.09.18<br>എം.ബുക്ക് നം. 43/18-19<br>ഫൈനൽ ബിൽ തുക – 70313<br>ബിൽ നം.24/19-20 തീ. 28.09.20 | ശ്രീമതി പി.കെ. ലത | 1900547 | 9 Months | 25.12.19 | 57016 |
| 105/19 – പറക്കോട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ കെട്ടിടം പൂർത്തീകരണം<br>അടങ്കൽ - 1000000<br>കരാർ നം. 29/AEE /LSGD/PKD /18-19, 21.11.18<br>എം.ബുക്ക് നം. 28/18-19<br>ഫൈനൽ ബിൽ തുക – 554989<br>ബിൽ നം.5/19-20, തീ. 25.05.20 | ശ്രീമതി പി.കെ. ലത | 996743.18 | 6 Months | 08.08.19 | 29902 |
| 66/19 – ഏനാദിമംഗലം പഞ്ചായത്ത് കാഞ്ഞിവേലിൽ | ശ്രീ ജോൺസൺ പി. | 640122.70 | 9 Months | 06.05.20 | 19204 |

| | | | | | |
|---|---|---|---|---|---|
| കോളനി റോഡ് സൈഡ് കെട്ടി സംരക്ഷണം<br>അടങ്കൽ - 700000<br>കരാർ നം. 11/AEE /LSGD/PKD /18-19, 08.08.18<br>ഫൈനൽ ബിൽ തുക – 153561<br>ബിൽ നം.7/19-20, തീ. - 21.05.20 | | | | | |
| ആകെ | | | | | 106122 |

ടി പ്രവൃത്തികളുടെ കരാറുകാരിൽനിന്നും PWD മാന്വലിൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ആസ്തികളുടെ നിർമ്മാണം പഞ്ചായത്തിന്റെ അനുമതിയില്ലാതെ ബ്ലോക്ക് നടപ്പാക്കുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെട്ട 46 റോഡുകളുടെയും, 9 കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ(കൈ.) 11/2018 /ത.സ്വ.ഭ.വ തീയതിഃ 21/01/2018) സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം ബ്ലോക്ക് പഞ്ചായത്ത് പാലിച്ചിട്ടില്ല. സർക്കാരിന്റെ നിർദ്ദേശം പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 സി.എച്ച്.സി ക്ക് മരുന്നും ഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു

സി.എച്ച്.സിക്ക് മരുന്ന്, സെക്കന്ററി പാലിയേറ്റീവിന് മരുന്നും ഉപകരണങ്ങളും എന്നിവ വാങ്ങുന്നതിനായി 2020-21 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം തുകകൾ *കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്* കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | കൈമാറിയ തുക | ലഭിക്കാൻ അവശേഷിക്കുന്ന മരുന്ന് (രൂപയിൽ) |
|---|---|---|
| പ്രോജക്ട് നം-43/21<br>ഏനാദിമംഗലം സി.എച്ച്.സി-യിലേക്ക് മരുന്ന് | 1115091/- | 354044/- (20050363014600425467/24/8/20) |
| പ്രോജക്ട് നം-44/21<br>സെക്കന്ററി പാലിയേറ്റീവ് കെയർ | 309997/- | 216332/- (200503630146008964 98/08.01.21) |
| പ്രോജക്ട് നം-94/21-<br>സ്പിൽഓവർ | 409147/- | 409147/- (20050363014600054208 തീയതിഃ |

| | |
|---|---|
| ഏനാദിമംഗലം സി.എച്ച്.സി-യിലേക്ക് ഉപകരണങ്ങൾ | 21/04/20) |

അവശേഷിക്കുന്ന മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോടും ഭരണസമിതിയോടും ശുപാർശ ചെയ്യുന്നു.

## 1-15 റീടെൻഷൻ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(പി)നം.177/2006/ഫിൻ, തീ. 12.04.06) മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽനിന്നും റിടെൻഷൻ ഇനത്തിൽ ഈടാക്കുന്ന തുക ചെലാൻ മുഖാന്തിരം പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് (ട്രഷറി ടി.എസ്.ബി. അക്കൌണ്ട്) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതും, ഫൈനൽ ബിൽ നൽകുന്ന വേളയിൽ റീടെൻഷൻ തുക പ്രസ്തുത അക്കൗണ്ടിൽനിന്നും ചെക്ക് പ്രകാരം നൽകേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ അസി.എഞ്ചിനീയർ/അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ പാർട്ട് ബിൽ തുക നൽകിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ റീടെൻഷൻ തുക മേൽ പറഞ്ഞ പ്രകാരം മാറ്റി നിക്ഷേപിക്കാതെ ബിൽ തുകയിൽനിന്നും കുറവ് ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. തൻവർഷം പ്രവൃത്തിക്ക് ചെലവഴിക്കാമായിരുന്ന തുക ചെലവഴിക്കാനാവാതെ ലാപ്സാകുകയും, തുടർ വർഷത്തെ ഫണ്ടിൽനിന്നും ഈ ചെലവ് വഹിക്കേണ്ടതായി വരുകയും ചെയ്യുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ബാക്ക് എൻഡ് സബ്സിഡിയായി അനുവദിക്കേണ്ട തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി

2020-21 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷകേരളം പദ്ധതിയിൽപ്പെടുത്തി പ്രവാസികൾക്കും തൊഴിൽരഹിത യുവാക്കൾക്കും ഡയറിയൂണിറ്റ്, പട്ടികജാതി യുവാക്കൾക്ക് കറവപ്പശുവാങ്ങൽ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതികളുടെ വിശദാംശങ്ങളും ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | പ്രവാസികൾക്കും തൊഴിൽരഹിത യുവാക്കൾക്കും ഡയറി യൂണിറ്റ്, 120/21 | വികസന ഫണ്ട് | 600000 | വികസന ഫണ്ട് | 300000 | ബിൽ നം. PB1/20-21 /27.11.20, PB2/20-21 /29.01.21, PB3/20-21 /29.01.21 | 17 |
| | | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1800000 | തനത് ഫണ്ട് | 720000 | PB6/20-21 /17.02.21, PB7/20-21 /30.03.21, | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | PB10/20-21 /30.03.21 | |
| | | ഗുണഭോക്തൃ വിഹിതം (ബാങ്ക് ലോൺ) | 2400000 | ഗുണഭോക്തൃ വിഹിതം (ബാങ്ക് ലോൺ) | 1020000 | - | |
| | | ആകെ | 4800000 | ആകെ | 2040000 | | |
| 2 | പട്ടികജാതി യുവാക്കൾക്ക് കറവപ്പശു വാങ്ങൽ, 121/21 | എസ്.സി.പി. | 1125000 | എസ്.സി.പി. | 450000 | PB4/20-21 /29.01.21, PB5/20-21 /17.02.21, PB8/20-21 /30.03.21 PB9/20-21 /30.03.21 PB11/20-21 /30.03.21 | 5 |
| | | ഗുണഭോക്തൃ വിഹിതം (ബാങ്ക് ലോൺ) | 375000 | ഗുണഭോക്തൃ വിഹിതം (ബാങ്ക് ലോൺ) | 150000 | - | |

ക്രഡിറ്റ് ലിങ്ക്ഡ് ബാക്ക് എൻഡ് സബ്സിഡി അനുവദിക്കുന്നതിനാണ് ടി. പദ്ധതികളിൽ വിഭാവനം ചെയ്തിരുന്നത്. ഗുണഭോക്താവിന് പശുവിനെ വാങ്ങുന്നതിന് ബാങ്കിൽ നിന്നും ലോൺ അനുവദിച്ചതായുള്ള അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും സബ്സിഡി ഒഴിച്ചുള്ള ലോൺ തുക ഗുണഭോക്താവ് അടച്ച് തീർത്തതിനു ശേഷം മാത്രം സബ്സിഡി ലോൺ അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചത്. ഡയറി യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയിൽ 17 ഗുണഭോക്താക്കൾക്ക് 60000രൂപ വീതവും കറവപ്പശു വാങ്ങൽ(എസ്.സി.പി.) പദ്ധതിയിൽ 5 ഗുണഭോക്താക്കൾക്ക് 90000 രൂപ വീതവും സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഡയറി യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയിലെ 3 ഗുണഭോക്താക്കളും കറവപ്പശു വാങ്ങൽ(എസ്.സി.പി.) പദ്ധതിയിലെ 1 ഗുണഭോക്താവും ഒഴികെയുള്ളവരുടെ സബ്സിഡി തുക പദ്ധതിയിൽ വിഭാവനം ചെയ്തവിധത്തിൽ ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകി. എന്നാൽ ഇരു പദ്ധതികളിലുമായുള്ള നാല് ഗുണഭോക്താക്കളുടെ സബ്സിഡി തുക ലോൺ അക്കൗണ്ടിനു പകരം അവരുടെ സേവിംഗ്സ് അക്കൗണ്ടിലേക്കാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. ഡയറി യൂണിറ്റ് സ്ഥാപിക്കൽ പദ്ധതിയിലെ കടമ്പനാട് പഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്താക്കളായ ശ്രീമതി സവിത, പടിഞ്ഞാറെ കുന്നത്ത്, മണ്ണടി, ശ്രീ. ശെൽവരാജ്, കല്ലോമഠത്തിൽ, മണ്ണടി, ശ്രീ.ഷൺമുഖൻ നായർ, ശ്രീഭവനം, തുവയൂർ സൗത്ത് എന്നിവർക്കും കറവപ്പശു വാങ്ങൽ(എസ്.സി.പി.) പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി വസന്തകുമാരി എം., പാറവിള തെക്കേതിൽ, കടമ്പനാട് എന്നയാളിനുമാണ് സബ്സിഡി തുക സ്വന്തം അക്കൗണ്ടിലേക്ക് അനുവദിച്ചു നൽകിയത്. ടിയാളുകൾക്ക് പശുക്കളെ വാങ്ങുന്നതിന് 17.12.20-ൽ വായ്പ അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച തുകയ്ക്ക് പശുക്കളെ വാങ്ങി പദ്ധതി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടിട്ടുള്ളതിനാൽ സബ്സിഡി തുക ടിയാളുകളുടെ സേവിംഗ്സ് അക്കൗണ്ടിലേക്ക് നൽകാവുന്നതാണെന്നുമുള്ള ജില്ലാ സഹകരണബാങ്ക് കടമ്പനാട് ബ്രാഞ്ചിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിൽ 29.01.2021-ലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ച്, ലോൺ അടച്ച

തീർന്നതിനുശേഷം ലോൺ അക്കൗണ്ടിൽ വരവ് വെക്കേണ്ട സബ്സിഡി തുക ലോൺ അടച്ചു തുടങ്ങുന്നതിനു മുമ്പെ തന്നെ ഗുണഭോക്താക്കൾക്ക് നേരിട്ട് അനുവദിച്ചു നൽകുകയാണുണ്ടായത്. എന്നാൽ തുക അനുവദിച്ചുകൊണ്ടുള്ള ക്ഷീരവികസന ഓഫീസറുടെ നടപടിക്രമത്തിൽ സബ്സിഡി തുക ടിയാളുകളുടെ ലോൺ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പദ്ധതിയിൽ വിഭാവനം ചെയ്തതും മറ്റ് ഗുണഭോക്താക്കൾക്ക് ബാധകമാക്കിയതുമായ വ്യവസ്ഥകൾക്ക് വിരുദ്ധമായി 4 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നേരിട്ട് അനുവദിച്ചു നൽകിയ നടപടി ക്രമവിരുദ്ധമാണ്.

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും, ഗുണഭോക്താക്കളിൽ നിന്ന് അഞ്ച് പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടതെന്നും പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സമിതിയ്ക്ക് നേരിട്ടു വാങ്ങാമെന്നും പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്നും സ.ഉ.(കൈ.)നം.22/2018/തസ്വഭവ തീയതി:14.02.2018 പ്രകാര മുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു സമിതി 26.08.20-ലെ 2/6 തീരുമാനപ്രകാരം രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങൽ നടപടിക്രമങ്ങളിൽ സമിതിയുടെ ഇടപെടൽ ഉണ്ടായതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഉരുക്കളെ വാങ്ങുന്നത് സംബന്ധിച്ച യാതൊരു കാര്യങ്ങളും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/22.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകങ്ങൾക്ക് അടിയന്തിരമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 ക്ഷീരകർഷർക്ക് പാലിന് സബ്സിഡി -വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

| പ്രോ.നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | | ബിൽ നം./തീയതി |
|---|---|---|---|---|
| 03/21 | 2500000 (വികസന ഫണ്ട്) | 2500000 | 2420218 | അലോട്ട്മെന്റ് |
| | | | 79782 | PB12/20-21/31.03.21 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2500000രൂപ 7 ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | പള്ളിക്കൽ | 700000 |
| 2 | കടമ്പനാട് | 500000 |
| 3 | കൊടുമൺ | 400000 |
| 4 | ഏറത്ത് | 200000 |
| 5 | ഏഴംകുളം | 300000 |
| 6 | കലഞ്ഞൂർ | 200000 |
| 7 | ഏനാദിമംഗലം | 200000 |

| | | |
|---|---|---|
| | ആകെ | 2500000 |

എന്നാൽ തുക പൂർണ്ണമായി ചെലവഴിച്ചത് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകളിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അടിയന്തിരമായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 ജനകീയ പച്ചക്കറി കൃഷി -തരിശ് നിലം കൃഷിയോഗ്യമാക്കുന്ന വനിത സ്വയം സഹായ സംഘങ്ങൾക്ക് ആനുകൂല്യം-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ജനകീയ പച്ചക്കറി കൃഷി -തരിശ് നിലം കൃഷിയോഗ്യമാക്കുന്ന വനിത സ്വയം സഹായ സംഘങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനായി കൃഷി അസ്സി.ഡയറക്ടർ നിർവ്വഹണഉദ്യോഗസ്ഥനായി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 19 ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകത ചുവടെ ചേർക്കുന്നു.

. തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതിനായി കൃഷിചെയ്യുന്ന പ്രദേശം കൃഷിയോഗ്യമായ തരിശാണെന്നും പച്ചക്കറി കൃഷിക്ക് അനുയോജ്യമാണെന്നുമുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഗ്രൂപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പരിശോധനക്ക് ഹാജരാക്കിയ അപേക്ഷകൾക്കൊപ്പം സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

. കൃഷി ചെയ്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. കൃഷിഭൂമിയുടെ ആകെ വിസ്തീർണ്ണം മാത്രമാണ് അപേക്ഷകളിലുള്ളത്.

. കൃഷി ഭൂമി പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്ന വേളയിൽ ഭൂമി ഉടമസ്ഥരുമായി കരാർ ചമച്ചിട്ടില്ല. കൃഷിയോഗ്യമായ തരിശാണെന്നും പച്ചക്കറി കൃഷിക്ക് അനുയോജ്യമാണെന്നുമുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത് എന്നാൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 1-19 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല; നിർവ്വഹണ ഏജൻസികളിൽ ശേഷിക്കുന്നത് 1.3 കോടി രൂപ

ബ്ലോക്ക് പഞ്ചായത്ത് 2016-17 മുതൽ 2020-21 വരെ വിവിധ നിർവ്വഹണ ഏജൻസികളിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി തുക മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഏക വർഷ പദ്ധതിയായി അംഗീകാരം നേടി അതാത് സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കണം എന്ന കരാർ നിബന്ധനയ്ക്ക് വിധേയമായാണ് നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് കൈമാറിയിട്ടുള്ളത് എങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ച് അന്തിമ ബില്ലും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 2016-17 | വാട്ടർ അതോറിറ്റി | 110/17 | 1277350 |
| | | | 1800000 |
| | | 115/17 | 727800 |
| | | 115/17 | 23845 |
| 2017-18 | വാട്ടർ അതോറിറ്റി | 25/18 | 225000 |
| | | | 90000 |
| | | 26/18 (എസ്.സി.പി) | 500000 |
| | | | 600000 |
| | | | 110000 |
| | പൊതുമരാമത്ത് വകുപ്പ് | 11/2018 | 7477000 |

| | | | |
|---|---|---|---|
| 2020-21 | വാട്ടർ അതോറിറ്റി | 155/2021 | 220000 |
| 2020-21 | പൊതുമരാമത്ത് വകുപ്പ് | 157/2021 | 155031 |
| | ആകെ | | 13206026 |

പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിക്കാത്തത് മൂലം ഫണ്ട് ചെലവഴിച്ചിട്ടും ടി പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത അവസ്ഥയാണ്. 2018-19, 2019-20 വർഷങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നിർവ്വഹണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടി പ്രവൃത്തികൾ സംബന്ധിച്ച് അവലോകനം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണശേഷം നിർവ്വഹണ ഏജൻസികളിൽ മിച്ചമുള്ളത് 24.43 ലക്ഷം രൂപ

കേരള വാട്ടർ അതോറിറ്റി മുഖേന 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ വിവിധ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും പദ്ധതി പൂർത്തീകരിച്ചതിനുശേഷം മിച്ചം വന്ന തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകിയിട്ടില്ല. കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവ മുഖേന നിർവ്വഹിച്ച പ്രവൃത്തികളുടെ തുകയും തിരികെ ലഭിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ചെലവഴിക്കാതെ സ്ഥാപനത്തിൽ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 2016-17 | വാട്ടർ അതോറിറ്റി | 110/17 | 1435000 (SCP Fund) | 1206698 | 228302 |
| 2017-18 | വാട്ടർ അതോറിറ്റി | 25/18 | 580000 | 815524 | 249476 |
| | | | 485000 | | |
| | | | 640000 | 482004 | 157996 |
| | | | 419000 | 341694 | 77306 |
| | | 26/18 (എസ്.സി.പി) | 650000 | 461597 | 188403 |
| | | | 710000 | 526659 | 183341 |
| | | | 360000 | 258031 | 101969 |
| 2018-19 | വാട്ടർ അതോറിറ്റി | 33/2019 | 1420000 | 1001211 | 418789 |
| | | 62/2019 | 470000 | 404880 | 65120 |
| 2019-20 | വാട്ടർ അതോറിറ്റി | 64/20 | 173000 | 144504 | 28496 |
| | | 84/2020 | 794000 | 592735 | 201265 |
| 2020-21 | വാട്ടർ അതോറിറ്റി | 98/2021 | 610000 | 470085 | 139915 |
| | | 155/2021 | 584000 | 307808 | 276192 |
| വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാനുള്ള ആകെ തുക | | | | | 2316570 |
| 2018-19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | | 143000 | 36835 | 106165 |
| 2020-21 | കെ.എസ്.ഇ.ബി | 81/2021 | 478770 | 457696 | 21074 |

| | |
|---|---|
| ആകെ | 2443809 |

ചെലവഴിക്കാതെ ശേഷിക്കുന്ന തുകയിൽ 1689300 രൂപ ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വനിയോഗിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 10/08/2020-ലെ 3-2 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നു. എന്നാൽ തുടർനടപടികളുടെ വിശദാംശം വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. 2016-17 മുതൽ 2020-21 വരെ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം വാട്ടർ അതോറിറ്റിയിൽ 2443809 രൂപ ശേഷിക്കുകയാണ്. 2018-19, 2020-21 വർഷങ്ങളിൽ നൽകിയ തുകയിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 106165 രൂപയും കെ.എസ്.ഇ.ബിയിൽ 21074 രൂപയും ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ജി.എസ്.ടി.ഈടാക്കാതെ ടെണ്ടർ ഫോറം വിൽപ്പന നടത്തി

ചരക്ക് സേവന നികുതി നിയമം അനുസരിച്ച് പ്രിന്റഡ് ടെണ്ടർ ഫോറങ്ങൾ വിൽപ്പന നടത്തുമ്പോൾ 12% ജി.എസ്.റ്റി ഈടാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 2019-20, 2020-21 വർഷങ്ങളിൽ ടെണ്ടർ ഫോറങ്ങൾ വിൽപ്പന നടത്തിയപ്പോൾ ജി.എസ്.റ്റി ഈടാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ടെണ്ടർ ഫോറം വിൽപ്പന ഇനത്തിൽ 2019-20, 2020-21 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രിന്റഡ് ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിച്ച തുക | ജി.എസ്.ടി. ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|
| 2019-20 | 68600 | 8232 |
| 2020-21 | 31460 | 3775 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി.രജിസ്ട്രേഷൻ എടുക്കണമെന്നും 12% ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയ തുക ടെണ്ടർ ഫോറം വിൽപ്പന നടത്തുമ്പോൾ ഈടാക്കണമെന്നും 01/11/2017-ലെ ജി.ഒ(പി) 87/2017/ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും അവയുടെ ഓഫീസ് PAN-ന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി.ജനറൽ രജിസ്ട്രേഷൻ (Tax Payer) എടുക്കണമെന്നും

അതാതു മാസം ശേഖരിക്കുന്ന ജി.എസ്.ടി വിഹിതം തൊട്ടടുത്ത മാസം തന്നെ ഒടുക്കണമെന്നും തദ്ദേശ സ്വയംഭരണവകുപ്പിന്റെ 08/09/2020-ലെ ഡി.എ1/87/2019 നമ്പർ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ജി.എസ്.റ്റി(റ്റി.ഡി.എസ്) രജിസ്ട്രേഷൻ എടുത്തുവെങ്കിലും ജി.എസ്.റ്റി. ജനറൽ രജിസ്ട്രേഷൻ എടുത്തിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/20.12.21) ജനറൽ രജിസ്ട്രേഷൻ ഇല്ലാത്തതിനാലാണ് ടെണ്ടർ ഫോറം വിൽപ്പന നടത്തിയപ്പോൾ ജി.എസ്.ടി. ഈടാക്കാതിരുന്നതെന്നും അടിയന്തിരമായി രജിസ്ട്രേഷൻ എടുക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 റോഡിതര മെയിന്റനൻസ് ഗ്രാന്റ് തുക തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്ക് തുക നൽകുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പ്രോജക്ട്(52/2021) ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഫീസ് കണ്ടിജന്റ് ചെലവ് നിർവ്വഹിക്കുന്നതിനായി ഈ പ്രോജക്ട് പ്രകാരം തുക കൈമാറിയിട്ടുണ്ട്. കൈമാറിയതിൽ ചെലവഴിക്കാതെ ശേഷിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| തുക കൈമാറിയ സ്ഥാപനം | നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിച്ച തുക | ശേഷിക്കുന്ന തുക |
|---|---|---|---|
| എസ്.സി. ഡവലപ്പ്മെന്റ് ഓഫീസ് | 40000 | 24452 | 15548 |

| | | | |
|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസ് | 30000 | 11690 | 18310 |

എസ്.സി.ഡവലപ്പ്മെന്റ് ഓഫീസർ 15548 രൂപ 14/07/2021-ലും ഡയറി എക്സ്റ്റൻഷൻ ഓഫീസർ 18310 രൂപ 29/07/2021-ലും ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് തിരികെ അടച്ചിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ. ഒടുക്കിയിട്ടില്ല. ചെലവഴിക്കാതെ തനത് ഫണ്ടിൽ ശേഷിക്കുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 സാമൂഹികആരോഗ്യകേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കുള്ള തുക മുൻകൂർ നൽകുന്നില്ല

ബ്ലോക്ക്പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുള്ള സാമൂഹികആരോഗ്യകേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കുള്ള തുക മുൻകൂർ നൽകുന്നില്ല. 2019-20,2020-21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ഇനത്തിൽ 24,12,446 രൂപ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ദൈനംദിന ചെലവുകൾക്ക് ആവശ്യമായ തുക പൊതുആവശ്യഫണ്ടിൽ നിന്നോ മെയിന്റനൻസ്ഗ്രാന്റ് (നോൺറോഡ്) ൽ നിന്നോ മുൻകൂർ നൽകാവുന്നതാണ്. (സ.ഉ(കൈ)നം.22/2018/lsgd/14.02.2018) ഇത്തരത്തിൽ തുക നൽകാത്തതുമൂലം ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ പണം ഇതിനായി വിനിയോഗിക്കുകയും ബില്ല് മാറുന്ന ഘട്ടത്തിൽ തുക തിരികെ നൽകുകയുമാണ് ചെയ്യുന്നത്. 2021-22 വർഷവും ഈ രീതിയിൽ തന്നെയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. തുടർനടപടികൾക്കായി മേൽ ഉത്തരവ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 കാർഷികമേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നില്ല

കാർഷികമേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിന് പകരം വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നു. 2019-20, 2020-21 സാമ്പത്തിക വർഷം വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ മാത്രമാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ഗ്രാമപ്പഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക, നീർമറികൾ പരിപാലിക്കുക,കാർഷിക പ്രദർശനങ്ങൾ സംഘടിപ്പിക്കുക തുടങ്ങി ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രാധാന്യം നൽകുന്നില്ല. ഗ്രാമപ്പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളുടെ പകർപ്പ് തന്നെയാണ് ഏറ്റെടുക്കുന്ന പദ്ധതികളിൽ ഏറെയും. തന്മൂലം ബ്ലോക്ക് ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനുള്ള സാധ്യതയും വർദ്ധിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പരിശീലനം ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിൽ അർപ്പിതമായ പൊതുവായ ചുമതലകൾ കൂടി നിർവ്വഹിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

## 1-25 ബ്ലോക്ക് പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന് 8 കടമുറികൾ സ്വന്തമായിട്ടുണ്ടെങ്കിലും ആയത് വാടകയ്ക്ക് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/21.12.2021)മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം പരാമർശിച്ചപ്പോൾ പ്രകാരം കടമുറികൾ ലേലം ചെയ്ത് വാടകയ്ക്ക് നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 അനിവാര്യ വകയിരുത്തലുകൾക്ക് പദ്ധതി ആവിഷ്കരിച്ചില്ല

വികസനഫണ്ടിൽ നിന്നും നിർബന്ധമായി വിഹിതം നീക്കിവയ്ക്കേണ്ടതായ ഇനങ്ങളായ അങ്കണവാടി പോഷകാഹാര വിതരണം, എസ്.എസ്.എ, ആർ.എം.എസ്.എ. പ്രോജക്ടുകൾക്ക് വിഹിതം നൽകൽ എന്നിവയ്ക്ക് തുക വകയിരുത്തുന്നില്ല.

അങ്കണവാടിയിൽ വരുന്ന കുട്ടികൾക്ക് പൂരകപോഷകാഹാരം, റ്റി.എച്ച്.ആർ.എസ്., കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരം, സബല, അങ്കണവാടികൾ മുഖേന നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുന്ന മറ്റ് പോഷകാഹാര വിതരണ പരിപാടികൾ എന്നിവയ്ക്കെല്ലാം വേണ്ട വിഹിതം കണക്കാക്കി ഒരു പ്രോജക്ടായി തയ്യാറാക്കണമെന്നും ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്തി ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം സംയോജിപ്പിക്കാവുന്നതാണെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ ഖ.5.2.1(1) ലും, എസ്.എസ്.എ. ആർ.എം.എസ്.എ. പ്രോജക്ടുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന വിഹിതം നൽകണമെന്ന് ഖ.5.2.1(2)-ലും നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ച അനിവാര്യ വകയിരുത്തലുകൾ പൂർണ്ണമായി നടത്താതെ വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് ഗൗരവകരമായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 മാതൃകാ അംഗൻവാടികൾക്ക് ഫർണീച്ചർ- ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

| പ്രോ.നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | | ബിൽ നം./തീയതി |
|---|---|---|---|---|
| 24/21 | 1300000 (വികസന ഫണ്ട്) | 1265530 | 451024 | 1/20-21 തീ.:30.10.20 |
| | | | 48976 | 2/20-21 തീ.:27.11.20 |
| | | | 765530 | 3/20-21 തീ.:19.01.21 |

ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ(അഡീഷണൽ) നിർവ്വഹണ ഉദ്യോഗസ്ഥയായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 17 അംഗൻവാടികളിൽ ശിശുസൗഹൃദ പെയിന്റിംഗ് നടത്തുന്നതിനും ശിശു സൗഹൃദ ഫർണീച്ചർ വാങ്ങി നൽകുന്നതിനുമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശിശു സൗഹൃദ പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുത്തത് ടെൻഡർ നടപടിക്രമങ്ങളിലൂടെയാണ്. 1000രൂപ നിരക്കിൽ 5 ടെൻഡർ ഫോറങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ട്. എന്നാൽ ടെൻഡർ ഫോറത്തിന്റെ വിലയ്ക്ക് ജി.എസ്.ടി. ഈടാക്കിയിട്ടില്ല.

2. ടെൻഡറിൽ പങ്കെടുത്ത ശ്രീ. അബ്ദുൾ കരിം ഇ.എം.ഡി. യായി ഹാജരാക്കിയ 12500 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (935520/19.08.20) അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്.

3. 17 അംഗൻവാടികൾക്ക് ശിശു സൗഹൃദ ഫർണീച്ചർ വാങ്ങി നൽകിയതിന് 765530രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗൻവാടി ഒന്നിന് 45031രൂപയുടെ ഫർണീച്ചർ വീതമാണ് നൽകിയിട്ടുള്ളത്. ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ആർട്ട്കോ) നിന്നും ടെൻഡർ ഇല്ലാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. വാങ്ങിയ ഫർണീച്ചറിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫർണീച്ചറിന്റെ തരം | വില | എണ്ണം | ആകെ തുക |
|---|---|---|---|---|
| 1 | കിഡ്സ് ടേബിൾ | 3790+ 18% GST=4472.2 | 51 | 228082.2 |
| 2 | ബേബി പ്ലാസ്റ്റിക് ചെയർ | 460+ 18% GST=542.8 | 255 | 138414 |
| 3 | ഇൻഡോർ റ്റോയ് ബിൻ | 1880+ 18%GST=2218.4 | 17 | 37712.8 |
| 4 | ബി.പി.എ.ഫ്രീ എഥിലീൻ വിനൈൽ അസറ്റേറ്റ് റിഗ്സ് | 208+ 18% GST=245.44 | 1088 | 267038.7 |
| 5 | ചൈൽഡ് ഫ്രണ്ട്ലി സ്റ്റോറേജ് ഷെൽഫ് | 4700+ 18% GST=5546 | 17 | 94282 |
| | ആകെ | | | 765529.7 |

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 10.02.2021-ലെ ജി.ഒ.(ആർ.ടി.)നം.8/2020/എസ്.പി.ഡി. നമ്പർ ഉത്തരവ് പ്രകാരം

ആർട്ട്കോ സ്വന്തമായി നിർമ്മിക്കുന്ന സ്റ്റീൽ ഫർണീച്ചറുകൾ, വുഡൻ ഫർണീച്ചറുകൾ, ഹോസ്പിറ്റൽ ഫർണീച്ചർ, യൂട്ടിലിറ്റി ഫർണീച്ചർ, സ്മാർട്ട് ക്ലാസ്സ്റൂം ഫർണീച്ചർ എന്നിവ ടെൻഡർ നടപടികൾ കൂടാതെ സപ്ലൈ ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ട്. അത്തരം ഫർണീച്ചറുകളുടെ വിവരവും, വിലനിലവാരവും പ്രസ്തുത ഉത്തരവിനോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുമുണ്ട്. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് ക്വട്ടേഷൻ/ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങണമെന്നും. സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുന്ന സമയത്ത് വാങ്ങുന്ന സാധനം ആ സ്ഥാപനം ഉൽപാദിപ്പിച്ചതാണെന്നും പുറത്തു നിന്നും വാങ്ങിയതല്ലായെന്നുമുള്ള സാക്ഷ്യപത്രം മാനേജിംഗ് ഡയറക്ടറിൽ നിന്നും പർച്ചേസ് ഓഫീസർ വാങ്ങേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയ്ക്കായി വാങ്ങിയിട്ടുള്ള ഫർണീച്ചർ പ്രസ്തുത ഉത്തരവിലെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല. ടെൻഡർ നടപടികൾ പാലിച്ച് മാത്രം വാങ്ങേണ്ട ഫർണീച്ചറാണ് നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് വാങ്ങിയിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/15.12.2021) ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം.1-ലെ പരാമർശത്തിന് ഐ.സി.ഡി.എസ്. ഓഫീസുകൾക്ക് ജി.എസ്.ടി. ജനറൽ രജിസ്ട്രേഷൻ ഇല്ലാത്തതിനാലാണ് ടെൻഡർ ഫോറങ്ങൾക്ക് ജി.എസ്.ടി. ഈടാക്കാതിരുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ടെൻഡർ ഫോറം വിൽപ്പന നടത്തേണ്ടത് ബ്ലോക്ക് പഞ്ചായത്താണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തും നാളിതുവരെ ജി.എസ്.ടി. ജനറൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധമായി ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്ന് 01.11.2017-ലെ സ.ഉ.(അച്ചടി)നം.87/2017/ത.സ്വ.ഭ.വ ഉത്തരവിലും 08.09.2020-ലെ LSGD-DA1/87/2019 നമ്പർ സർക്കുലറിലും നിർദ്ദേശിച്ചിട്ടുള്ളതാണ്.

ക്രമ നം.2-ലെ പരാമർശത്തിന് മറുപടിയായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ക്രമ നം.3-ലെ പരാമർശത്തിന് മറുപടിയായി ജി.ഒ.(എം.എസ്.) നം.1/2016/എസ്.പി.ഡി. തീയതി:08.12.2016 പ്രകാരം പൊതുമേഖല സ്ഥാപനങ്ങൾക്ക് അവർ നിർമ്മിക്കാത്ത സാധനങ്ങളും 50% സപ്ലൈ ചെയ്യാൻ അനുവാദമുണ്ടെന്നും അങ്കണവാടികൾക്ക് നൽകിയ സ്മാർട്ട് ക്ലാസ്സ് റൂം ഫർണീച്ചർ ടി.ഗണത്തിൽ വരുന്നതാണെന്നുമാണ് വിശദീകരിക്കപ്പെട്ടത്. ഏതെങ്കിലും ഒരു പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങൽ നടത്തുമ്പോൾ സപ്ലൈ ഓർഡറിന്റെ പരമാവധി 50% വരെയുള്ള സാധനങ്ങൾ അവർ നിർമ്മിക്കാത്തവയാകാമെന്നും ബാക്കിയുള്ളവ അവർ സ്വന്തമായി നിർമ്മിക്കുന്ന ഉൽപന്നങ്ങൾ തന്നെആയിരിക്കണമെന്നും മറ്റ് ഉൽപന്നങ്ങൾ 50%-ത്തിൽ അധികരിക്കുന്ന പക്ഷം ഓപ്പൺ ടെൻഡർ നടപടികൾ സ്വീകരിക്കണ മെന്നുമാണ് പ്രസ്തുത ഉത്തരവിലുള്ളത്. ഇവിടെ ആർട്ട്കോ-യിൽ നിന്നും വാങ്ങിയ മുഴുവൻ ഉപകരണങ്ങളും അവർ സ്വന്തമായി നിർമ്മിച്ചവയല്ല. മാത്രവുമല്ല ആർട്ട്കോ-യ്ക്ക് ടെൻഡർ നടപടികളിൽ ഇളവ് അനുവദിച്ചു കൊണ്ടുള്ള ഉത്തരവിൽ പ്രസ്തുത ഉത്തരവിലെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് ക്വട്ടേഷൻ/ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുമുണ്ട്.

ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയത് ഗൗരവകരമായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 നികുതി ബാദ്ധ്യതയില്ലാത്ത കൺവീനർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ നല്കിയത്

അംഗീകരിക്കുന്നില്ല

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏനാദിമംഗലം സി.എച്ച്.സിയ്ക്ക് ഗേറ്റും ഡിജിറ്റൽ ബോർഡും സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. ഗുണഭോക്തൃസമിതിമുഖാന്തിരം പ്രവൃത്തി നടപ്പിലാക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. 21.11.17-ലാണ് പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ 29.03.17-ൽ പുറപ്പെടുവിച്ച പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം [ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ – ഖ.14.1(1)] 50000 രൂപയിൽ അധികം അടങ്കലുള്ള എല്ലാ നിർമ്മാണ പ്രോജക്ടുകളും ടെണ്ടർ നടപടികൾ അവലംബിച്ചുവേണം നിർവ്വഹണം നടത്തേണ്ടത്. പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നതിനുശേഷം 50000 രൂപയിൽ അധികം അടങ്കലുള്ള ടി മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിച്ചത് ക്രമ പ്രകാരമല്ല.

പ്രവൃത്തി നടപ്പിലാക്കുന്നതിന് ശ്രീ ഹരികൃഷ്ണൻ സി.വി., വിഷ്ണുഭവനം എന്നയാൾ കൺവീനറായി 30.01.2018-ൽ അസി.എക്സി.എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുണ്ട് (എഗ്രി.നം.21/AEE/LSGD/17-18). എന്നാൽ ഗുണഭോക്തൃസമിതി യോഗം ചേർന്ന് ടിയാനെ കൺവീനറായി തെരഞ്ഞെടുത്തതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃസമിതി കരാർ വെച്ചെങ്കിലും പണി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ ഗുണഭോക്തൃസമിതിയെ ഒഴിവാക്കി മെഡിക്കൽ ഓഫീസർ കൺവീനറായുള്ള പുതിയ ഗുണഭോക്തൃസമിതി രൂപീകരിക്കുകയും, 20.03.20-ൽ ഡോ. സുജിത് ജി. മെഡിക്കൽ ഓഫീസർ കൺവീനറായി എഗ്രിമെന്റ് വെച്ച് പ്രവൃത്തി നടത്തുകയുമാണ് ഉണ്ടായിട്ടുള്ളത്. പ്രവൃത്തി 27.05.20-ൽ പൂർത്തിയാക്കി ഫൈനൽ ബിൽ നൽകി. ഫൈനൽ ബിൽ പ്രകാരം കൺവീനർ 267667 രൂപയുടെ പ്രവൃത്തി നടത്തി. 12% GST കോമ്പൻസേഷൻ ഉൾപ്പടെ ആകെ പ്രവൃത്തി മൂല്യം 299757 രൂപയാണ്. പ്രവൃത്തി മൂല്യത്തിൽനിന്നും IT, KCWWF, GST മുതലായവ കുറവ് ചെയ്ത് (13355 രൂ.) 286402 രൂപ കൺവീനർക്ക് പ്രതിഫലം നൽകി.

കൺവീനർക്ക് പ്രവൃത്തി മൂല്യത്തിന്റെ 12% GST കോമ്പൻസേഷനായി ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. കൺവീനർക്ക് GST ഒടുക്കുന്നതിന് ബാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ 12% GST കോമ്പൻസേഷൻ അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല. പ്രവൃത്തി മൂല്യ തുകയിൽനിന്നും 2% IT (₹5353) കിഴിവ് ചെയ്ത് 262313 രൂപയാണ് കൺവീനർക്ക് അർഹമായ പ്രതിഫലം. കൺവീനർക്ക് 24089 രൂപ അധികം പ്രതിഫലം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക പ്രവൃത്തിയുടെ കൺവീനറിൽനിന്നോ, അല്ലാത്ത പക്ഷം നിർവ്വഹണം നടത്തിയ അസി.എക്സി.എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 5194000 | പ്രധാനമന്ത്രി ആവാസ് യോജന-06/20-21 | 5194000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| KSEB | വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 81/2021 | 21900708/ 12.12.19 | 478770/- | 457696/- | 21074/- |
| K.W.A | വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(98/21) | 2003310001200002/ 11.04..2020 | 610000 | 470085 | 139915 |
| | വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(155/21) | 20050363014100545685/ 23.09.2020 | 584000 | 307808 | 276192 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇല്ല | | | | | | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|
| ഇല്ല | | | |

## 4-7 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം.* | *സമാഹ്യത റിപ്പോർട്ട് വർഷം* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|
| 2003-04 | 2-8. | 2007-08 | പാറക്കുഴി - പറമ്പിക്കുഴി എലാ ബണ്ട് നിർമ്മാണം | പരാമർശം നിലനിൽക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | പൂർത്തിയാക്കാത്തത് സംബന്ധിച്ച്. | |
| 2006-07 | 2-1. | 2006-07 | വനിതാക്ഷേമം (ജനറൽ, എസ് സി പി) പദ്ധതി ലക്ഷ്യത്തിൽ മാറ്റം വരുത്തി നടപ്പിലാക്കി | പരാമർശം നിലനിൽക്കുന്നു. |
| | 2-2. | | വനിതാക്ഷേമം- തയ്യൽ മെഷീൻ വിതരണം ചെയ്യാത്തത് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |
| | 2-6 | 2009-10 | വൃദ്ധർ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,24,21,598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 107113340 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 24089 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-12 | | 24089 | ശ്രീ. വിജയൻ പിള്ള അസി.എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-9 |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. വിജയൻ പിള്ള അസി.എക്സി.എഞ്ചിനീയർ(റിട്ട.) | വിരമിച്ച | കൃഷ്ണകൃപ കടമ്പനാട് സൗത്ത് പി.ഒ, പത്തനംതിട്ട ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2003-04 | എൽ.എഫ്.പി.റ്റി.എ – പി6/940/06, തീയതി 09-07-07 | 2 |
| 2004-05 | എൽ.എഫ്.പി.റ്റി.എ – പി6/ 877/06, തീയതി 06-12-07 | 9 (3-6, 3-10, 3-11, 3-12, 3-17, 3-18, 3-21, 3-23, 3-24) |
| 2005-06 | എൽ.എഫ്.പി.റ്റി.എ – പി6/ 878/06, തീയതി 11-12-07 | 10 |
| 2006-07 | എൽ.എഫ്.പി.റ്റി.എ – പി6/561/08, തീയതി 13-03-09 | 1 (2-13) |
| 2008-09 | എൽ.എഫ്.പി.റ്റി.എ – പി2/29/11, തീയതി 11-05-11 / 11-07-11 | 7 |
| 2009-10 | എൽ.എഫ്.പി.റ്റി.എ – പി2/ 30/11, തീയതി 10-10-11/16-03-12 | 3 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ – പി2/236/13, തീയതി 30-11-13 /13-12-13 | 13 |
| 2012-13 | എൽ.എഫ്.പി.റ്റി.എ – പി2/ 226/14, തീയതി 09-05-14 | 9 |
| 2013-14 | എൽ.എഫ്.പി.റ്റി.എ – പി2/ 256/15, തീയതി 13-07-15 | 4 (2-1, 3-8, 3-10, 3-14) |
| 2014-15 | കെ എസ് എ പി.റ്റി.എ – പി2/1012/16, തീയതി 07-09-16 | 7 (2-1, 3-3, 3-4, 3-5, 3-6, 3-7, 3-8) |
| 2015-16 | കെ എസ് എ പി.റ്റി.എ – പി13/215/17, തീയതി 15-04-17 | 5 (2-1, 3-3, 3-4, 3-7, 3-13) |
| 2016-17 | കെ എസ് എ പി.റ്റി.എ – പി12/1303/17, തീയതി 07-12-17 | 11 |
| 2017-18 | കെ.എസ്സ്.എ.പി.റ്റി.എ.പി12/322/19 തീയതി 10.05.2019 | 8 |
| 2018-19 | കെ.എസ്സ്.എ.പി.റ്റി.എ.പി12/862/19 തീയതി | 6 |

| | | | |
|---|---|---|---|
| | 11.10.2019 | (1-12,1-13, 1-16, 1-17, 1-18, 1-19) | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്